കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സി.യു.ജി. സംവിധാനം - ജില്ലാ - ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ.(കൈ) നം. 16/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 23.01.2012.

---

പരാമർശം:-1 സ.ഉ. (കൈ) നം. 149/2011/തസ്വഭവ തിയതി 22.07.2011

2 പഞ്ചായത്ത് ഡയറക്ടറുടെ 14.11.2011 ലെ ജി.3 - 37505/2010 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളെയും പഞ്ചായത്തു വകുപ്പിൻെറ വിവിധ ഓഫീസുകളെയും ബന്ധിപ്പിച്ചുകൊണ്ട് ബി.എസ്.എൻ.എൽ. മുഖേന സി.യു.ജി (ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്) സംവിധാനം ഏർപ്പെടുത്തുന്നതിന് പരാമർശം (1) ലെ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. സി.യു.ജി സംവിധാനം കൂടുതൽ കാര്യക്ഷമതയ്ക്കും ഭരണ വേഗതയ്ക്കും സഹായകരമാകുമെന്നതിനാൽ സംസ്ഥാനത്തെ എല്ലാ ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എന്നിവരെ കൂടി നിലവിലുള്ള സി.യു.ജി.യിൽ ഉൾപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 14 ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് , വൈസ് പ്രസിഡൻറ്, സെക്രട്ടറി, 152 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി, എല്ലാ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എന്നിവരെക്കൂടി ബി.എസ്.എൻ.എൽ മുഖേന ഏർപ്പെടുത്തിയിട്ടുള്ള സി.യു.ജി സംവിധാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ജില്ലാ- ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി എന്നിവരെ പ്ലാൻ 199 ലും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറിനെ പ്ലാൻ 149 ലും ഉൾപ്പെടുത്തേണ്ടതാണ്.

ii) ഇതിനായി ചെലവു വരുന്ന തുക ബന്ധപ്പെട്ട പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

iii) പ്രതിമാസ തുകയിൽ അധികമായി വരുന്ന ചെലവ് നിർബന്ധമായും ബന്ധപ്പെട്ട വ്യക്തികൾ തന്നെ വഹിക്കേണ്ടതാണ്.

iv) മൊബൈൽ ഫോൺ ഹാൻഡ് സെറ്റുകൾ അതാത് വ്യക്തികൾ തന്നെ വാങ്ങേണ്ടതാണ്. ഇതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്നോ തുക വിനിയോഗിക്കാൻ പാടില്ല.

v) സി.യു.ജി സംവിധാനത്തിൻെറ നടത്തിപ്പിലേയ്ക്കായി അധിക തുക അനുവദിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്. സുരേഷ് കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്/വൈസ് പ്രസിഡൻറ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് / വൈസ് പ്രസിഡൻറ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്/വൈസ് പ്രസിഡൻറ് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
അസിസ്റ്റൻറ് ജനറൽ മാനേജർ (ഇ.ബി), ബി.എസ്.എൻ.എൽ., സി.റ്റി.ഒ. ബിൽഡിംഗ് എം.ജി. റോഡ് തിരുവനന്തപുരം
ധന വകുപ്പ് (96580/ഡെവ.3/11/ധന തീയതി 03.01.2012 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ), കേരള, തിരുവനന്തപുരം,
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ